"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് - വർക്ക്മെൻ, ഓഫീസേഴ്സ്, ടോപ്പ് ലെവൽ എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ജീവനക്കാർ എന്നിവരുടെ 01.08.2022 തീയതി മുതൽ പ്രാബല്യത്തിലുള്ള ശമ്പള പരിഷ്കരണം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.21/2026/TAXES തീയതി,തിരുവനന്തപുരം, 15-03-2026

പരാമർശം:- 1. 19.03.2025-ലെ ജി.ഒ.(ആർ.ടി) നം.255/2025/ടാക്സസ്

2. 06.03.2026-ലെ ജി.ഒ.(എം.എസ്.) നം.13/2026/ടാക്സസ്

3. 11.03.2026-ലെ ജി.ഒ.(എം.എസ്.) നം.15/2026/ ടാക്സസ്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിലെ വർക്ക്മെൻ, ഓഫീസേഴ്സ്, ടോപ്പ് ലെവൽ എക്സിക്യൂട്ടീവ് കാറ്റഗറിയിലുള്ള ജീവനക്കാർ എന്നിവരുടെ 01.08.2022 തീയതി മുതൽ പ്രാബല്യത്തിലുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ചുവടെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

i. നിലവിലുള്ള സ്കെയിലിലെ (അതായത് 01.08.2022-ന് മുമ്പുള്ള ശമ്പള സ്കെയിൽ) 01.08.2022-ന്റെ അടിസ്ഥാന ശമ്പളം അല്ലെങ്കിൽ ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 01.08.2022-ലെ മുൻകാല സ്കെയിലിലെ അടിസ്ഥാന ശമ്പളത്തിന്റെ 31% ഡിഎ, 10% ഫിറ്റ്മെന്റ് ബെനിഫിറ്റ് (പാർട്ട് ടൈം ജീവനക്കാർക്ക് 11%) എന്നിവ ലയിപ്പിക്കും. അങ്ങനെ ലഭിച്ച തുക പുതുക്കിയ സ്കെയിലിലെ ഒരു ഘട്ടമാണെങ്കിൽ, ആ ഘട്ടത്തിൽ ശമ്പളം നിശ്ചയിക്കും, അല്ലെങ്കിൽ, പുതുക്കിയ സ്കെയിലിലെ അടുത്ത ഉയർന്ന ഘട്ടത്തിൽ നിശ്ചയിക്കും. പുതുക്കിയ സ്കെയിലിൽ 01.08.2022-ന് അല്ലങ്കിൽ ഓപ്ഷൻ തീയതിയിൽ 4 വർഷമോ അതിൽ കൂടുതലോ സേവനം അനുഷ്ഠിച്ചവർക്ക് ഒരു ഇൻക്രിമെന്റിന്റെ വെയ്റ്റേജ് നൽകും; 01.08.2022-ന് അല്ലെങ്കിൽ ഓപ്ഷൻ തീയതിയിൽ 8 വർഷമോ അതിൽ കൂടുതലോ സേവനം അനുഷ്ഠിച്ചവർക്ക് മറ്റൊരു ഇൻക്രിമെന്റ് നൽകും, സാഹചര്യമനുസരിച്ച് (ഈ രീതിയിൽ പരമാവധി 2 ഇൻക്രിമെന്റുകൾക്ക് മാത്രമേ വെയ്റ്റേജ് അനുവദിക്കൂ).

ii. ഇ.പി.എഫ്.-ന്റെ കാര്യത്തിൽ നിലവിലെ രീതിയിൽ തുടരാവുന്നതാണ്. ഇ.പി.എഫ്.-ന്റെ തൊഴിലുടമ വിഹിതത്തിന്റെ കാര്യത്തിൽ കെ.എസ്.എഫ്.ഇ. ഇളവിനായി സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

iii. രണ്ടു വർഷത്തിലൊരിക്കലുള്ള നിലവിലെ ഗ്രേഡ് പ്രമോഷൻ ഈ ശമ്പള പരിഷ്കരണ

കാലയളവുവരെ നിലവിലെ രീതിയിൽ തുടരാവുന്നതാണ്.

iv. നിലവിലെ ദിവസവേതന ജീവനക്കാരുടെ കാര്യത്തിൽ മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ തത്സ്ഥിതി തുടരാവുന്നതാണ്.

v. ശമ്പള പരിഷ്ക്കരണ ഉത്തരവിലെ ഫിക്സേഷൻ, പൊതു വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

vi. ശമ്പള പരിഷ്കരണ കരാറിലെ മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

2. മേൽ ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ K
ജോയിന്റ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, തൃശ്ശൂർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ (പിആർസി-സി/പിയു-സി) വകുപ്പ് (14.03.2026-ലെ 1699503/PRC-C1/13/2021/FIN പ്രകാരം)
4. ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പ്
5. പൊതുഭരണ (എസ്‌സി) വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H2/259/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Jasmine P A
Date: 15-03-2026 11:51:05
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്